# Desabhimani

## 18 July 2018

## Thiruvananthapuram ; There is no cure 7 Death 2 missing Case

### 7 മരണം, രണ്ടുപേരെ കാണാതായി

# ശമനമില്ല



കരകവിഞ്ഞൊഴുകുന്ന മീനച്ചിലാറ്. കോട്ടയം നാഗമ്പടത്തുനിന്നുള്ള ആകാശക്കാഴ്ച

**തിരുവനന്തപുരം**

ദുരിതം വിതച്ച് സംസ്ഥാനത്ത് മഴ തുടരുന്നു. ചില ജില്ലകളിൽ മഴയ്ക്ക് ശക്തി അൽപ്പം കുറഞ്ഞെങ്കിലും കെടുതി തുടരുകയാണ്. ഇടുക്കി, കോട്ടയം ജില്ലകളിൽ മഴയ്ക്ക് ശമനമായില്ല. പത്തനംതിട്ട ജില്ലയുടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തുടരുന്നു. കൃഷിനാശവും വ്യാപകമാണ്. വെള്ളപ്പൊക്കം തുടരുന്ന ആലപ്പുഴ ജില്ലയിൽ ചൊവ്വാഴ്ച വെള്ളത്തിൽ വീണ് രണ്ടുപേർകൂടി മരിച്ചു. മാവേലിക്കര തെക്കേക്കര പഞ്ചായത്തിൽ കുറത്തികാട് പള്ളിയാവട്ടം തെങ്ങുവിളയിൽ രാമകൃഷ്ണൻ (62), ചെന്നിത്തല തൂവൻതറയിൽ മാത്യു (ബാബു 52) എന്നിവരാണ് മരിച്ചത്.

കോട്ടയം ജില്ലയിലെ പെരുവയിൽ സ്കൂൾ വിദ്യാർഥി പാടത്തെ വെള്ളക്കെട്ടിൽ വീണ് മരിച്ചു. കാരിക്കോട് ഐക്കരക്കുഴി പരേതനായ ജിനുവിന്റെ മകൻ അലനാ (14)ണ് മരിച്ചത്. കേരുത്തോട്ടിൽ മീനച്ചിലാറിൽ കാണാതായ കുഴിമാവ് ബംഗ്ലാവ് പറമ്പിൽ ദീപു (32)വിന്റെ മൃതദേഹം കണ്ടെത്തി. മുണ്ടക്കയം കല്ലേപ്പാലത്തുനിന്ന് ഒഴുക്കിൽപ്പെട്ട രണ്ട് അടൂർ സ്വദേശികളെ കണ്ടെത്താനായില്ല.

■ കോട്ടയം റൂട്ടിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു

■ കടലാക്രമണം രൂക്ഷം

■ കടലിൽ പോകുന്നതിന് നിയന്ത്രണം

തിരുവല്ല നഗരമധ്യത്തിൽ ഓടയ്ക്കുള്ളിൽ വെള്ളത്തിൽ യുവാവിന്റെ മൃതദേഹം കണ്ടെത്തി. തുകലശേരി വാര്യത്ത് താഴ്ചയിൽ ജ്യോതിഷ് മോഹന(24) നെയാണ് ഓടയിൽ മരിച്ചനിലയിൽ കണ്ടത്. ഇതിന് 50 മീറ്റർ അകലെ യുവാവ് സഞ്ചരിച്ച ബൈക്ക് കണ്ടെത്തി. ഞായറാഴ്ച രാത്രിയാണ് കാണാതായത്.

കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ പേമാരി തുടരുകയാണ്. മീനച്ചിലാറും മണിമലയാറും മൂവാറ്റുപുഴയാറും കരകവിഞ്ഞൊഴുകുകയാണ്. കോട്ടയത്ത് മീനച്ചിലാർ നാഗമ്പടത്തെയും നീലിമംഗലത്തെയും രണ്ട് റെയിൽവേ പാലങ്ങൾക്ക് ഭീഷണിയുയർത്തി അപകടകരമായി ഒഴുകുകയാണ്. വാട്ടർ അതോറിറ്റിയുടെ സ്കെയിലിലെ അപകട നിരപ്പ് കടന്നതിനാൽ പകൽ ഒന്നുമുതൽ ട്രെയിൻ ഗതാഗതം നിർത്തി. നാല് മണിക്കൂറിനുശേഷം പുനഃസ്ഥാപിച്ചു. 20 കിലോമീറ്റർ വേഗത്തിൽമാത്രം ഓടാൻ അനുമതി നൽകി. എറണാകുളത്തുനിന്നുള്ള ട്രെയിൻ പിറവം റോഡിലും മറ്റുള്ളവ കോട്ടയത്തും പിടിച്ചിട്ടു. വടക്കോട്ടുള്ള കേരള, ഐലൻഡ് എക്സ്പ്രസുകൾ, ചെന്നൈ മെയിൽ, ജനശതാബ്ദി, തെക്കോട്ടുള്ള ശബരി, പരശുറാം, മെമു എന്നിവയാണ് പിടിച്ചിട്ടത്.